(ഡി) എല്ലാ വർഷവും ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച്, ആയതിന്മേൽ ഫോറസ്റ്റർ സ്ഥല പരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിയ്ക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് നൽകുകയും ചെയ്യുന്നു. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ഇക്കൊല്ലവും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേക്ക് വേണ്ട ചെലവുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലേക്ക് ഇതിനകം ലഭ്യമാക്കിയിട്ടുള്ള 2406-01-800-55-01(1)- Extenstion Forestry എന്ന ശീർഷകത്തിൽനിന്നും വഹിക്കുന്നതാണ്. തുടർനടപടികൾ ഓഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നതാണ്.

വനദീപ്തി പദ്ധതി

196 (7759) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വന പ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർജ്ജനിപ്പിക്കുക, ടി പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചു നീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധസസ്യങ്ങളായ കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി അശോകം, പതിമുഖം തുടങ്ങിയവയും ഇതുകൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പത്തുപറ വനദീപ്തി പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷനും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജില്ലാതലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ്വ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിലേക്ക് ഭരണതലത്തിൽ പുതിയ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്.

വനവിഭവങ്ങൾ ശേഖരിക്കാൻ പരിശീലനം

197 (7760) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly